# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 610 — 09.07.2013-ൽ മറുപടിയ്ക്ക്

### <u>അർബൻ ഫോറസ്ട്രി പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>,, എം.ഉമ്മർ<br>,, സി.മോയിൻകുട്ടി<br>,, കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) നഗരങ്ങളെ ഹരിതാഭമാക്കാൻ ഉദ്ദേശിച്ചുള്ള അർബൻ ഫോറസ്ട്രി പദ്ധതി നിലവിൽ നടപ്പാക്കുന്ന തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | എ) നഗരങ്ങളെ ഹരിതാഭമാക്കാൻ ഉദ്ദേശിച്ച് അർബൻ ഫോറസ്ട്രി പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി പരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എറണാകുളം റീജിയണിൽ AOTS കോമ്പൗണ്ട് കളമശ്ശേരി, കിൻഫ്ര, ന്യൂവൽസ്, ബ്ലാക്ക് ബെറി കളമശ്ശേരി എന്നിവിടങ്ങളിലായി 1250 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ഇതിൽ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് 75% തൈകൾ നിലനിൽക്കുന്നു.<br>കൊല്ലം റീജിയണിൽ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ശാസ്തമംഗലം - വെള്ളയമ്പലം റോഡിന്റെ ഇരുവശങ്ങളിലും കോൺക്രീറ്റ് ചെടിച്ചട്ടികളിൽ 100 അലങ്കാര സസ്യങ്ങൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചു വരുന്നു. |
| ബി) ഈ പദ്ധതി മറ്റ് നഗരങ്ങളിലേക്കു കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കാമോ ; | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവരുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി വിപുലീകരിക്കുന്നതാണ്. |

സി) നഗരങ്ങളിൽ മരം വച്ചു പിടിപ്പിക്കാൻ സൗകര്യമുള്ള പാതയോരങ്ങൾ, ഓഫീസ്, സ്കൂൾ, പൊതുസ്ഥാപനങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം അനുയോജ്യ മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കാനും, പരിപാലിക്കാനും ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊ ണ്ട് ഈ പദ്ധതി വിപുലമാക്കുമോ ?

സി) നിലവിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നീ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നു. അതോടൊപ്പം പാതയോരങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന വൃക്ഷത്തൈകൾ നട്ട് പരിപാലിച്ചുവരുന്നു. സ്ഥല ലഭ്യതയനുസരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ